# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **6995** **11/07/2014** ൽ മറുപടിക്ക്

**യൂണിഫോം വിതരണത്തിനുള്ള നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സർക്കാർ - എയ്ഡഡ് സ്കൂളുകളിലെ കഴിഞ്ഞ വർഷത്തെ (2013-14) യൂണിഫോം വിതരണം പൂർത്തിയായിട്ടില്ലെങ്കിൽ അതിനുള്ള കാരണ മെന്ത്; ഉത്തരവാദികൾ ആരെന്ന് വ്യക്തമാക്കാമോ? | എ) നിലവിൽ എസ്.എസ്.എ പദ്ധതിയിൽ സർക്കാർ സ്കൂളുകളിലെ 1 മുതൽ 8-ആം ക്ലാസ്സ് വരെയുള്ള എ.പി.എൽ ആൺകുട്ടികൾ ഒഴികെയുള്ള കുട്ടികൾക്ക് നൽകി വരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി അതേ കാറ്റഗറിയിൽ ഉൾപ്പെടുന്ന എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്ക് കൂടി അനുവദിച്ചുകൊണ്ട് 29/05/2013 ന് ജി.ഒ(എം.എസ്) നം.177/2013/പൊ.വി.വ പ്രകാരം ഉത്തരവായിരുന്നു. അതിൻപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനായി 8 കമ്പനികളെ എംപാനൽ ചെയ്യുകയുണ്ടായി. ഇ-ടെൻഡർ നടപടിക്രമത്തിലൂടെ കമ്പനികളെ എംപാനൽ ചെയ്യുന്നതിന് കൂടുതൽ സമയം ആവശ്യമായി വന്നു. ഇക്കാരണത്താൽ പദ്ധതി നടപ്പിലാക്കുവാൻ കാലതാമസം നേരിടുക യുണ്ടായി. കമ്പനികളെ എംപാനൽ ചെയ്യപ്പെട്ടതിനെത്തുടർന്ന് യൂണിഫോം തുണിത്തരങ്ങൾ എംപാനൽ ചെയ്യപ്പെട്ട കമ്പനികളിൽ നിന്നോ ഗുണനിലവാരം ഉറപ്പാക്കി ഓപ്പൺ മാർക്കറ്റിൽ നിന്നോ സ്കൂളധികാരികൾക്ക് വാങ്ങാമെന്ന് സ.ഉ.(കൈ.)നം.298/13/തീയതി 19/11/2013 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. 2013-14 ലെ ആദ്യ സംരംഭം എന്ന നിലക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കി യൂണിഫോം വിതരണം അധ്യയന വർഷം ഒടുവിൽ മാത്രമേ ആരംഭിക്കാൻ കഴിഞ്ഞുള്ളു. ആദ്യമായി കൊണ്ടുവന്ന ഒരു പദ്ധതി നടപ്പിലാക്കുന്നതിലുണ്ടായ സ്വാഭാവിക കാലതാമസം മാത്രമേ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളു. |

സെക്ഷൻ ഓഫീസർ